കെ.എസ്.എ.കെ.ടി.എം പി**10/1792/16** തീയതി: **15.12.16**

**കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്ത ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.16 മുതൽ 31.10.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 2016ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.സിനി.എം.വി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 8.11.16-16.11.16 |
| ഉദ്യോഗസ്ഥർ | ശ്രീമതി.സുലത.ഡി ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.മേരി ആൻഡ്രൂസ്<br>അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ഇന്ദുലേഖ.എ<br>അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ<br>ശ്രീ. ആൽബിൻ സിറിയക് ഓഡിറ്റർ |

**ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മറിയാമ്മ ബാബു<br>അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി<br>ശ്രീ. എ.കെ.ആലിച്ചൻ | 1.04.15-30.10.15<br>1.11.15-18.11.15<br>19.11.15-31.03.16 |
| സെക്രട്ടറി | ശ്രീ. ജയകുമാർ ബി.റ്റി (സെക്രട്ടറി ഇൻ ചാർജ്)<br>ശ്രീ. ജി.വിജയൻ | 1.04.15-26.07.15<br>27.07.15-31.03.16 |

നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ഡെൽഫിന ജോർജ്ജ് | 1.04.15-31.03.16 |

| | | |
|---|---|---|
| വെറ്റിനറി സർജൻ | ഡോ.സോജ | 1.04.15-31.03.16 |
| മെഡിക്കൽ ഓഫീസർ-അലോപ്പതി | ഡോ.അമ്പിളി ടോം | 1.04.15-31.03.16 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ. ശശിധരൻ | 1.04.15-31.03.16 |
| അസി.എൻജിനീയർ | ശ്രീ.അനു വർഗ്ഗീസ് | 1.04.15-31.03.16 |
| വി.ഇ.ഒ | ശ്രീ. നിസ്സാമുദ്ദീൻ | 1.04.15-31.03.16 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ത്രേസ്യാമ്മ | 1.04.15-31.03.16 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി സിന്ധു | 1.04.15-31.03.16 |
| അസി.സെക്രട്ടറി | ശ്രീ. ജയകുമാർ ബി.റ്റി. | 1.04.15-31.03.16 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.നാരായണൻ നമ്പൂതിരി | 1.04.15-31.03.16 |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| |
|---|
| ഭാഗം **1**<br>പൊതു അവലോകനം |
| 1.1 ബജറ്റ് |
| 1.2 വാർഷിക ധനകാര്യപത്രിക |
| 1.3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1.4 സാമ്പത്തിക വിശകലനം |
| 1.5 ഫണ്ട് വിനിയോഗം |
| 1.6 പദ്ധതി അവലോകനം |
| 1.7തനതുവരുമാനം |
| 1.8 ക്ഷേമപദ്ധതികൾ |

| |
|---|
| 1.9 കാഷ് വെരിഫിക്കേഷൻ |
| 1.10 ആഭ്യന്തരനിയന്ത്രണം |
| 1.11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം **2**<br>വരവുകണക്കുകൾ |
| 2.1 വാർഷികകണക്കുകളുടെ അവലോകനം |
| 2.2 വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവാക്കാൻ അവശേഷിക്കുന്നു. |
| 2.3.1 വസ്തുനികുതി |
| 2.3.2 മൊബൈൽ ടവറുകളുടെ വസ്തുനികുതി സംബന്ധിച്ച് |
| 2.3.3 സൈനിക ഉദ്യോഗസ്ഥരുടെ വസ്തുനികുതി ഒഴിവാക്കൽ– സർക്കാർ നിശ്ചയിച്ച പരിധി പാലിച്ചിട്ടില്ല |
| 2.4 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ |
| 2.5 ആംബുലൻസ് ഉപയോഗം ക്രമപ്രകാരമല്ല. |
| 2.6 പരസ്യനികുതി ഈടാക്കുന്നില്ല |
| ഭാഗം **3**<br>ചെലവുകണക്കുകൾ |
| 3.1 മഴവെള്ളസംഭരണി വിതരണം- സബ്സിഡി തുക ഈടാക്കുന്നത് - നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് |
| 3.2 പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ– പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ |
| 3.3 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ സംബന്ധിച്ച് |

| |
|---|
| 3.4 ഗ്രാമകേന്ദ്രങ്ങളിൽ സ്ഥാപിക്കാനായി വാങ്ങിയ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3.5 വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ– പ്രോജക്ട് നിർവഹണത്തിൽ അപാകതകൾ |
| 3.6 വിവിധ ജംഗ്ഷനുകളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ– സ്ഥാപിച്ച മിക്ക ലൈറ്റുകളും പ്രകാശിക്കുന്നില്ല |
| 3.7 അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങൽ, അംഗൻവാടികൾക്ക് ഗ്യാസ് സ്റ്റൗ വാങ്ങൽ - പ്രോജക്ട് നിർവഹണത്തിൽ അപാകതകൾ |
| 3.8 കേൾവിശേഷിയില്ലാത്തവർക്ക് ഉപകരണവിതരണം- പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ |
| 3.9 തീർത്തും അപകടകരമായ ഭൗതിക സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നു. |
| 3.10 ജലനിധി പ്രവർത്തനങ്ങൾ– നാളിതുവരെ പ്രവർത്തനപുരോഗതി കൈവരിക്കാത്തത് സംബന്ധിച്ച് |
| 3.11 ഗ്രാമസഭകളുടെ സംഘാടനം |
| 3.12 നിർവഹണഏജൻസികൾക്ക് കൈമാറി തുകയുടെ ചെലവ് വിശദാംശങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമായിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3.13 തെരുവ് വിളക്ക് മെയിന്റനൻസിനായി വൻതുക ചെലവഴിക്കുന്നു. |
| 3.14 ആശ്രയ പദ്ധതി നടത്തിപ്പ് |
| 3.15 എസ്.എസ്.എ. (എസ്.സി.പി.) വിഹിതം കൈമാറൽ - മാർഗരേഖയിലെ നിബന്ധനകൾ പാലിച്ചിട്ടില്ല. |
| ഭാഗം **4**<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

| |
|---|
| 4.1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4.2ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| **4.3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4.4 വായ്പ-വായ്പ തിരിച്ചടവ് |
| 4.5 സ്ഥിരനിക്ഷേപങ്ങൾ |
| 4.6 ഓഡിറ്റ് റിക്കവറി |
| 4.7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ |
| 4.8 ഓഡിറ്റ് പ്രത്യവലോകനം |
| 4.9 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് തിയതിയിലെ l നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 2250273 | 35217524.45 | 32967251 | | 87.98(+) |
| വരവ് | 87738200 | 60526283 | | 27211917 | (-)18.35 |
| ആകെ | 89988473 | 95743807 | 5755334 | | 3.09(+) |
| ചെലവ് | 87136800 | 76072060 | | 11064740 | (-)6.77 |
| നീക്കിയിരിപ്പ് | 2851673 | 19671747 | 16820074.5 | | 74.678(+) |

### 1-2 വാർഷിക ധനകാര്യപത്രിക

**2015-16**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 19.7.16 | ---------------- | --------------- |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷികധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (അനുബന്ധം 1) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് രസിത് & പേമെന്റ് പത്രിക ബാലൻസ് ഷീറ്റ് എന്നിവയുടെ പകർപ്പുകളും (സാക്ഷ്യപ്പെടുത്തിയത്) അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

**2015-16**

| | |
|---|---|
| മുന്നിരിപ്പ് | 35217524.45 |
| വരവ് | 60526283 |
| ആകെ | 9574380745 |
| ചെലവ് | 76072060 |
| നീക്കിയിരിപ്പ് | 19671747.45 |

## 1-5 ഫണ്ട് വിനിയോഗം(വാർഷികകണക്കുകൾ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത് |
|---|---|---|---|---|---|---|
| വികസനഫണ്ട് | 1646235 | 11391054 | 19694577 | 19694577 | 0 | +6657288 |
| എസ്.സി.പി. | 3903677 | 2860000 | 4001300 | 4001300 | 0 | -2762377 |
| ടി.എസ്.പി. | 266503 | 135000 | 244741 | 244741 | 0 | -156762 |
| സംരക്ഷണഗ്രാന്റ് റോഡ് | 2720675 | 5234000 | 7954675 | 7954675 | 0 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2975254 | 3701000 | 6676254 | 6676254 | 0 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1076796 | 4689958 | 2496325 | 2496325 | 0 | -3270429 |
| പെർഫോമൻസ് ഗ്രാന്റ് | 3809280 | 0 | 3341560 | 3341560 | 0 | -467720 |
| എം.എൻ.ആർ.ഇ.ജി.എസ്. | 491429 | 293921 | 785350 | 771329 | 14021 | - |
| മറ്റുള്ളവ | 4664572 | 19234820 | 23899382 | 15962643 | 7936739 | 66.79 |

അഞ്ചു ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കിയതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 276 | 81819212 | 155 | 49141385 | 55 | 66 | 56 |

വാർഷികപദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷികപദ്ധതിക്ക് 19.3.15 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരവും ജില്ലാ ആസൂത്രണസമിതിയുടെ 15.6.15 ലെ 490/2015/ഡി.പി.സി/ഡി.പി.ഒ. /കോട്ടയം നമ്പർ ഉത്തരവ് പ്രകാരം നിർവഹണാംഗീകാരവും ലഭിച്ചിരുന്നു. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 257 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. പുതുക്കിയ വാർഷികപദ്ധതി പ്രകാരം അംഗീകാരം ലഭിച്ച 276 പ്രോജക്ടുകൾക്കായി ആകെ വകയിരുത്തിയിരുന്ന 81819122 രൂപയിൽ 49141385 രൂപ മാത്രമാണ് ചെലവഴിച്ചത്.

നേട്ടങ്ങൾ

1. കാർഷികമേഖലയിൽ പാടശേഖരസമിതികൾക്ക് നെൽവിത്ത് വിതരണം , ഒമ്പത് പാടശേഖരങ്ങളുടെ പുറംബണ്ട് നിർമാണം/ സംരക്ഷണം, ഇരവീശ്വരം പാടശേഖരത്തിന് പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾ വിജയകരമായി പൂർത്തീകരിച്ചു.

2. ക്ഷീരോത്പാദന വർധനവിനായി മൂന്നര ലക്ഷത്തോളം രൂപ ചെലവഴിച്ച് കർഷകർക്ക് കാലിത്തീറ്റ ഇൻസെന്റീവ് അനുവദിച്ചു.
3. പാലിയേറ്റീവ് കെയർ, പൂരകപോഷകാഹാരപദ്ധതി, ഭിന്നശേഷിയുള്ളവർക്ക് പഠനസഹായം, പട്ടികജാതിക്കാർക്ക് ഭവനപുനരുദ്ധാരണത്തിനും നിർമാണത്തിനും ധനസഹായം, മഴവെള്ളസംഭരണി, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ, വിദ്യാഭ്യാസധനസഹായം തുടങ്ങിയ പ്രോജക്ടുകൾക്കായി തുക വകയിരുത്തി.
4. പഞ്ചായത്ത് റോഡുകളുടെ ടാറിങ്, കോൺക്രീറ്റിങ്ങ്, അംഗൻവാടി കെട്ടിടങ്ങളുടെ നിർമാണം/ മെയിന്റനൻസ്, തെരുവ് വിളക്കുകളുടെ പരിപാലനം എന്നീ പ്രോജക്ടുകൾ പശ്ചാത്തലമേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കി.

കോട്ടങ്ങൾ

1. വാർഷികപദ്ധതിക്കായി വകയിരുത്തിയ തുകയിൽ 56 ശതമാനമേ ചെലവഴിക്കാനായിട്ടുള്ളു.
2. തെരുവുവിളക്ക് പരിപാലനത്തിനായി ആവിഷ്കരിച്ച നടപ്പാക്കിയ പല പ്രോജക്ടുകളും ലക്ഷ്യപ്രാപ്തിയിലെത്തിയില്ല.
3. പി.എച്ച്.സി. കെട്ടിടനിർമാണത്തിനായി 19 ലക്ഷം രൂപ വകയിരുത്തുകയും 11 ലക്ഷത്തോളം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.
4. വിവിധ പ്രോജക്ടുകളുടെ നിർവഹണത്തിനായി നിർവഹണഏജൻസികൾക്ക് കൈമാറി നൽകിയ 2295000 രൂപയുടെ വിനിയോഗവിശദാംശങ്ങളും പദ്ധതികളുടെ പൂർത്തീകരണവിവരങ്ങളും ലഭ്യമായിട്ടില്ല.
5. വൻതുക ചെലവഴിച്ച് നടപ്പാക്കുന്ന കുടിവെള്ളവിതരണം പദ്ധതികൾ (ജലനിധി ഉൾപ്പെടെ) വിജയകരമായി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെട്ടിട്ടില്ല.

മേഖലാവിഭജനത്തിലെ അപാകതകൾ

പുതിയ സ്ട്രീറ്റ് ലൈറ്റ് ഫിറ്റിങ്ങുകൾ വാങ്ങൽ (166/15), അറവുശാല നിർമാണം (153/16) , മൃഗാശുപത്രിക്ക് ചുറ്റുമതിൽ നിർമാണം (338/16) തുടങ്ങിയ പശ്ചാത്തലമേഖലയിൽപ്പെടുന്ന പ്രോജക്ടുകളും, എ.ബി.സി. പ്രോഗ്രാം വിഹിതം നൽകൽ, അയ്യനം കുടിവെള്ളപദ്ധതിക്ക് മോട്ടോർ വാങ്ങൽ എന്നീ സേവനമേഖലാ പ്രോജക്ടുകളും ഉത്പാദനമേഖലയിൽപ്പെടുത്തിയാണ് വാർഷികപദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

## 1-7 തനത് വരുമാനം.

2013-14 വർഷത്തേക്കാൾ സ്ഥാപനത്തിന് 2014-15 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4.18 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 6447595 | 6078234 | 369361 | 5.72% കുറവ് |
| നികുതിയേതര വരവുകൾ | 10946518 | 994933 | 9951585 | 2.77കൂടുതൽ |
| മറ്റുവരവുകൾ | 627239 | 76630 | 3382(-) | 0.27കുറവ് |
| ആകെ | 18021382 | 18496787 | 773739(+) | 4.18കൂടുതൽ |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 118200 | 73 |
| കർഷകതൊഴിലാളി പെൻഷൻ | 11629110 | 1364 |
| വിധവാപെൻഷൻ | 8505160 | 791 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 10088160 | 1694 |
| വികലാംഗപെൻഷൻ | 3765380 | 345 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 497120 | 49 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.11.2016 തീയതി 2.15 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.17831 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. വസ്തുനികുതി, തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകളും ശരിയായി തയ്യാറാക്കിയിട്ടുണ്ട്. വസ്തുനികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തി (മാപ്പിംഗ്)പൂർത്തിയായിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ആവർത്തനചെലവുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഏറ്റവും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നില്ല.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട തനത് വരുമാനമായ വസ്തുനികുതി പിരിവ് തൃപ്തികരമല്ല. വാർഷികകണക്കുകൾ പ്രകാരം 2015-16വർഷം വസ്തു നികുതിയിനത്തിൽ 45 ലക്ഷം രൂപ കുടിശ്ശികയുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്ന് പെർമിറ്റ് എടുക്കുന്ന എല്ലാ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി നികുതി പരിധിയിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. വിശദാംശങ്ങൾ ചേർത്ത് പെർമിറ്റ് രജിസ്റ്റർ പൂർത്തീകരിക്കേണ്ടതാണ്.

തനതു ഫണ്ട് ചെലവുകൾ

തനത്ഫണ്ട് വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വൗച്ചറുകൾ വൗച്ചർ നമ്പറിന്റെ അടിസ്ഥാനത്തിൽ അടുക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബിൽ രജിസ്റ്ററുമായി ഒത്ത് നോക്കാൻ സാധിക്കുന്നില്ല. 2011ലെ കേരളപഞ്ചായത്ത് രാജ് അക്കൗണ്ടിംങ്ങ് ചട്ടങ്ങൾ അനുസരിച്ച് വൗച്ചറുകൾ സൂക്ഷിക്കേണ്ടതാണ്.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുമുണ്ട്.

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമല്ല. പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക, കൺസ്യൂമർ നമ്പർ, സപ്ലൈ ഏരിയ, വാർഡുകളിലെ ബൾബുകൾ/ട്യൂബ് ലൈറ്റുകൾ/ ഫ്ളൂറസെന്റ് ലാമ്പുകൾ/ സോഡിയം വേപ്പർ ലാമ്പുകൾ എന്നിവയുടെ എണ്ണം, താരീഫ് നിരക്ക്, കറന്റ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ സൂചിപ്പിയ്ക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

മറ്റ് നിർവ്വഹണോദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, വി.ഇ.ഒ, ഹെഡ്മാസ്റ്റർ, മെഡിക്കൽ ഓഫീസർമാർ എന്നിവർ നിർവ്വഹിച്ച പ്രോജക്ടുകൾ സംബന്ധിച്ച രേഖകൾ രജിസ്റ്ററുകൾ എന്നിവ കൃത്യമായി സൂക്ഷിച്ചു വരുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/06/2016-16 /06/2016 | 1.05.16-31.05.16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 30/12/14-15.01.15 | 2009/10-2013/14 | LBA(HQ)11/84.2238 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | | | /341.DTD4/03/2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെഅവലോകനം

ഓഡിറ്റ് വർഷത്തെ ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. 2015-16വർഷത്തെ കണക്കുകളുടെ പരിശോധനാവേളയിൽ ശ്രദ്ധയിൽപ്പെട്ട ചില അപാകതയുടെ വിവരം താഴെ ചേർക്കുന്നു.

1. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. അവ ശേഖരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം ഇപ്പോഴും പ്രാവർത്തികമായിട്ടില്ല.
2. വസ്തു നികുതി പരിഷ്കരണം പൂർണ തോതിൽ തൻവർഷം സാധ്യമാകാതെ വന്നതിനാൽ കൃത്യമായ ഡിമാന്റ് നിർണയിച്ച് ചേർക്കാൻ കഴിഞ്ഞില്ല. ഫോം 6 പ്രകാരമുള്ള വിവരങ്ങളുടെ ഡേറ്റാ എൻട്രി നടപ്പ സാമ്പത്തിക വർഷവും പൂർത്തിയായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം.എസ്.)144/2015, 26.12.2015-ലെ ജി.ഒ.(എം എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള പുതുക്കിയ ഡിമാന്റ് ഇനിയും നിർണയിക്കാൻ ശേഷിക്കുകയാണ്. ഇക്കാരണങ്ങളാൽ 2015-16വർഷം തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള കുടിശ്ശിക-തന്നാണ്ട് ഡിമാന്റ് രജിസ്റ്ററുകളിലെ തുകകളുടെ കൃത്യതയും വ്യക്തമല്ല.
3. നിക്ഷേപരജിസ്റ്റർ കാലികമല്ലാത്തതിനാൽ വാർഷിക കണക്കിലെ ബി-7 പട്ടികയിലെ വിവരങ്ങളുടെ കൃത്യത വ്യക്തമല്ല.
4. 2015-16 വർഷം മുൻകൂർ നൽകിയതിൽ അഡ്ജസ്റ്റ് ചെയ്തിട്ടില്ലാത്ത തുകയുടെ പൂർണ്ണവിവരങ്ങൾ ബി-18 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ഡി ആന്റ് ഒ ട്രേഡ് ലൈസൻസ് ഫീസിന്റെയും, ട്രേഡേഴ്സിന്റെ തൊഴിൽ നികുതിയുടെയും ഡി.സി.ബി. വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
6. പാർട്ട് ബിൽ പ്രകാരം നൽകിയ യഥാർത്ഥ തുകയല്ല ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയിരിക്കുന്നത്.
7. ഓഡിറ്റ് റിക്കവറി വിവരങ്ങൾ വാർഷികണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. തൊഴിൽരഹിതവേതനത്തിന്റെ വാർഷികകണക്കിലെ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 2-2 വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക്, ചെക്ക്& ഡ്രാഫ്റ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച താഴെപ്പറയുന്ന തുകകൾ നിലവിലും ചെലവഴിക്കാനവശേഷിക്കുന്നതായി കാണുന്നു. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച വിഹിതം ചെലവഴിക്കാതെ തനത്ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല. ടി ബാലൻസ് തുകകൾ യഥാർത്ഥത്തിലുള്ളതാണെന്ന് ഉറപ്പുവരുത്തി ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ് .വിശദവിവരം ചുവടെ ചേർക്കുന്നു

| ഫണ്ട് വരവ് വന്ന ഇനം | നിലവിലെ ബാലൻസ് തുക |
|---|---|
| സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 634411 |
| സംയുക്ത പ്രോജക്ടുകൾക്കായുള്ള ജില്ലാപഞ്ചായത്ത് വിഹിതം | 500000 |
| എസ്സ്.എസ്സ്.എ | 167587 |
| ഐ.സി.ഡി.എസ് | 170250 |

| | |
|---|---|
| പൈക്ക | 56742 |
| ശുചിത്വമിഷൻ ഗ്രാന്റ് | 522945 |
| സമ്പൂർണ്ണശുചിത്വം | 243840 |

## 2-3-1 വസ്തുനികുതി

എ) വിവരശേഖരണം നാളിതുവരെ പൂർത്തിയായിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി, പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നാളിതുവരെ പൂർത്തിയായിട്ടില്ല. കെട്ടിടങ്ങളുടെ ഫോറം 6 ൽ ഉളള വിവരശേഖരണംപോലും പൂർണ്ണമായിട്ടില്ലെന്നാണ് ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർത്ത് വസ്തുനികുതി പരിഷ്കരിക്കുന്ന നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നതേയുള്ളു. താരതമ്യേന തനതുവരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ യഥാസമയം ലഭിക്കേണ്ട തുക നഷ്ടമാകുന്ന സ്ഥിതിവിശേഷമാണ് ഇതു കാരണം സംജാതമായിട്ടുള്ളത്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പൂർണ്ണമായി ശേഖരിക്കുന്നതിനും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി പരിഷ്കരിക്കുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

ബി) വസ്തുനികുതിയിനത്തിൽ വൻതുക ഗ്രാമപഞ്ചായത്തിന് കുടിശ്ശികയുണ്ട്. ഇതിൽ 1995-96 വർഷം മുതലുള്ള കുടിശ്ശികയുണ്ട്. 2015-16 വർഷം വിവിധ വാർഡുകളുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളിൽ ആകെ നികുതി കൂട്ടി എഴുതിയിട്ടില്ലാത്തതിനാൽ ആകെ എത്ര തുക കുടിശ്ശികയുണ്ടെന്നും അത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടോയെന്നും ഉറപ്പാക്കാൻ സാധിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം 46 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ട്. എന്നാൽ വസ്തുനികുതി പരിഷ്കരണനടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ടി ഇനത്തിലുള്ള കുടിശ്ശികയെ സംബന്ധിച്ച വ്യക്തമായ വിവരം അരിയർ ഡിമാന്റ് രജിസ്റ്ററിൽ നിന്നോ സഞ്ചയ സോഫ്റ്റ്‌വെയറിലോ ലഭ്യമല്ല.

## 2-3-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച വരുന്ന വിവിധ മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല. ജി.ഒ.(എം.എസ്.) 19/11/തസ്വഭവ തീയതി 14.01.11 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28.12.2011 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം മൊബൈൽ ടവറുകളിൽ നിന്നുള്ള വസ്തുനികുതി ചതുരശ്രമീറ്ററിന് 500 രൂപ നിരക്കിൽ പരിഷ്കരിച്ചിരുന്നു. കൂടാതെ 07.03.14 ലെ 707/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിൽ 14.01.11 മുതൽ തറവിസ്തീർണ്ണത്തിനനുസരിച്ച് മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ചിട്ടുണ്ടെങ്കിലും ഈടാക്കിയില്ല.

| ക്രമ നം | അസസ്സ്മെന്റ് നം | ടവർ കമ്പനി പേര് | വിസ്തീർണ്ണം | നിലവിലെ നികുതി വിവരങ്ങൾ(2013-14 മുതൽ) |
|---|---|---|---|---|
| 1 | 4/299B | ഇൻഡസ് ടവേഴ്സ് | 14 m2 | 8538 |
| 2 | 7/54A | എയർസെൽ ഡിഷ്നെറ്റ് | 25m2 | 12500 |
| 3 | 10/89A | ഇൻഡ്യാ ടെലകോം ഇൻഫ്രാ ലിമിറ്റഡ് | 25m2 | 12500 |
| 4 | 13/32 | റിലയൻസ് ഇൻഫാകോ | 15m2 | 7500 |
| 5 | 13/33 | ഭാരതി എയർടെൽ | 15m2 | 7500 |
| 6 | 14/330A | ഭാരതി ഇൻഫ്രാടെൽ | 25m2 | 12500 |
| 7 | 15/200A | റ്റാറ്റാ ടെലി സർവ്വീസ് | 25m2 | 12500 |

| | | | | |
|---|---|---|---|---|
| 8 | 18/4A | എസ്സാർ ടെലികമ്മ്യൂണിക്കേഷൻസ് | 30m2 | 15000 |
| 9 | 20/422A | ഭാരതി എയർടെൽ | 25m2 | 12500 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2) മറുപടിയായി പുതുക്കിയ നിരക്കിൽ നികുതി നിർണ്ണയിച്ച ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിൽ ബി.എസ്.എൻ.എൽ ഉടമസ്ഥതയിലുള്ള ടവറുകൾ വസ്തുനികുതി അടവാക്കുന്നതിന് വിമുഖത കാട്ടുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 19.09.2012 ലെ ജി.ഒ (ആർ.ടി) 2640/2012 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കണമെന്ന ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ബി.എസ്.എൻ ഉൾപ്പെടെയുള്ള എല്ലാ മൊബൈൽ ടവറുകളുടേയും അനുബന്ധ കെട്ടിടങ്ങളുടേയും വിസ്തീർണ്ണം കണക്കാക്കി ആനുപാതികമായി നിർണ്ണയിച്ച നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3-3 സൈനിക ഉദ്യോഗസ്ഥരുടെ വസ്തുനികുതി ഒഴിവാക്കൽ- സർക്കാർ നിശ്ചയിച്ച പരിധി പാലിച്ചിട്ടില്ല

സൈനികർ, അവരുടെ ആശ്രിതർ, വിമുക്തഭടന്മാർഎന്നിവരുടെ ഭവനങ്ങൾക്കുള്ള പരിഷ്കരിച്ച വസ്തുനികുതിയിൽ ഇളവ് നൽകുന്നതിന് സർക്കാർ, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.7.13 ലെ ജി.ഒ.(എം.എസ്.) 242/13 നമ്പർ ഉത്തരവിലൂടെ ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നിരുന്നു. ഇതനുസരിച്ച് 2000 ച.അടി (185 ച.മീ) വരെ വിസ്തീർണമുള്ള ഒരു വാസഗൃഹത്തിനു മാത്രമാണ് നികുതിയിളവ് അനുവദിക്കാവുന്നത്. എന്നാൽ പ്രസ്തുത പരിധിയിൽ അധികരിച്ച വീടിന് വസ്തുനികുതി ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/വീട് നം. | കെട്ടിടം ഉടമയുടെ പേര്, വിലാസം | വീടിന്റെ വിസ്തീർണം | നിശ്ചയിച്ച നികുതി | ഗ്രന്ഥശാലാവരി |
|---|---|---|---|---|
| 9/548 | എ.കെ.പരമേശ്വരൻ നായർ, ശിവകൃപ, കുടമാളൂർ (എയർഫോഴ്സ്) | 290 ച.മീ. | 690 | 35 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി നികുതിയിളവ് അനുവദിച്ചത് പുനഃപരിശോധിച്ച് പരിഷ്കരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ

എ) സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | സ്ഥാപനം | നികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് | 1&2 |
| 2 | അയ്മനം വില്ലേജ് സഹകരണ ബാങ്ക്, അയ്മനം | 2 |
| 3 | വില്ലേജ് സഹകരണ ബാങ്ക്, ചീപ്പുങ്കൽ | 2 |

| | | |
|---|---|---|
| 4 | വില്ലേജ് സഹകരണ ബാങ്ക്,പരിപ്പ് | 2 |
| 5 | വില്ലേജ് സഹകരണ ബാങ്ക്,പുളിക്കാട്ടുശ്ശേരി | 2 |
| 6 | എസ് ബി റ്റി, അയ്മനം | 2 |
| 7 | കാനറ ബാങ്ക്, പരിപ്പ് | 2 |
| 8 | കുടമാളൂർ സർവ്വീസ് സഹകരണ ബാങ്ക് | 2 |
| 9 | എച്ച്.ഡി.എഫ്.സി., കുടമാളൂർ | 1&2 |
| 10 | ഗ്രേസ് ഹോസ്പിറ്റൽ | 1&2 |
| 11 | കൊശമറ്റം ഫിനാൻസ്, കുടയംപടി | 2 |
| 12 | കൊശമറ്റം ഫിനാൻസ്, അയ്മനം | 2 |
| 13 | മാന്നാർ ഹോട്ടൽസ് | 2 |
| 14 | മൂസ ഡെന്റൽ ക്ലിനിക് | 1&2 |
| 15 | മുത്തൂറ്റ് ഫിനാൻസ്, കുടയംപടി | 2 |
| 16 | യൂണിപവർ സിസ്റ്റംസ് | 2 |
| 17 | കിംസ് ഹോസ്പിറ്റൽ | 2 |
| 18 | അക്ഷയ ഗോൾഡ് ലോൺസ് | 2 |
| 19 | സെന്റ് ജോൺസ് ഹോസ്പിറ്റൽ, ഒളശ്ശ | 1&2 |
| 20 | കോട്ടാടിയിൽ ഹോട്ടൽ & റിസോർട്ട്സ് | 1&2 |

ബി) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

| ജീവനക്കാരന്റെ പേര് | സ്ഥാപനം | രണ്ടാം അർദ്ധവർഷ വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | നഷ്ടം |
|---|---|---|---|---|---|
| ഷനോജ് ഗോപിനാഥ് | കിംസ് ഹോസ്പിറ്റൽ | 75248 | 700 | 750 | 50 |

സി) 2015-16 വർഷം താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | ജീവനക്കാരുടെ പേര് | നികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | പോസ്റ്റ് ഓഫീസ്, ഒളശ്ശ | എല്ലാ ജീവനക്കാരുടേയും | 2 |
| 2 | ഗ്ളോറി റബേഴ്സ്, സ്ററിച്ചിംഗ് യൂണിറ്റ് ,പുളിക്കാട്ടുശ്ശേരി | എല്ലാ ജീവനക്കാരുടേയും | 2 |
| 3 | ഗ്ളോറി റബേഴ്സ്, പൗഡറിംഗ് യൂണിറ്റ് ,പുളിക്കാട്ടുശ്ശേരി | എല്ലാ ജീവനക്കാരുടേയും | 2 |
| 4 | ഐ.സി.ഡി.പി. സബ്സെന്റർ, ഒളശ്ശ | എല്ലാ ജീവനക്കാരുടേയും | 1,2 |
| 5 | സെന്റ് ജോൺസ് ഹോസ്പിറ്റൽ, ഒളശ്ശ | എല്ലാ ജീവനക്കാരുടേയും | 1,2 |
| 6 | ഇരവീശ്വരം ദേവസ്വം | എല്ലാ ജീവനക്കാരുടേയും | 1 |
| 7 | എസ്.എൻ. ഇംഗ്ളീഷ് മീഡിയം സ്കൂൾ, അയ്മനം | എല്ലാ ജീവനക്കാരുടേയും | 1,2 |
| 8 | റ്റി.എസ് നം.58, | എല്ലാ ജീവനക്കാരുടേയും | 1,2 |
| 9 | നരസിംഹസ്വാമിക്ഷേത്രം, അയ്മനം | എല്ലാ ജീവനക്കാരുടേയും | 1 |
| 10 | റ്റി.എസ് നം.47 | എല്ലാ ജീവനക്കാരുടേയും | 1,2 |

| | | | |
|---|---|---|---|
| 11 | റ്റി.എസ് നം.53 | എല്ലാ ജീവനക്കാരുടേയും | 2 |
| 12 | റ്റി.എസ് നം.55 | എല്ലാ ജീവനക്കാരുടേയും | 1,2 |
| 13 | കൊശമറ്റം ഫിനാൻസ്, കുടയംപടി | എല്ലാ ജീവനക്കാരുടേയും | 1 |
| 14 | അഭിലാഷ ഹോളി ഡെയ്സ് | എല്ലാ ജീവനക്കാരുടേയും | 1,2 |
| 15 | സപ്ളൈകോ മാർക്കറ്റ് | എല്ലാ ജീവനക്കാരുടേയും | 1 |

ഡി**)** കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല**.**

താഴെ ചേർക്കുന്ന കരാറുകാരിൽ നിന്ന് 2015-16 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നംപർ | കരാറുകാരന്റെ പേര് | ക്രമ നംപർ | കരാറുകാരന്റെ പേര് |
|---|---|---|---|
| 1 | സാബു ജോസഫ് | 9 | സജി സി |
| 2 | ഷോബിൻ എ ജോർജ്ജ് | 10 | കെ ഡി സുധാകരൻ |
| 3 | ജിനു ജോർജ്ജ് | 11 | ഇ എം കുട്ടപ്പൻ |
| 4 | ബേബി കുര്യാക്കോസ് | 12 | സജീവ് ടി |
| 5 | റെജി ജോസഫ് | 13 | ജോർജ്ജ് ജോസഫ് |
| 6 | ജോർജ്ജ് കുട്ടി | 14 | ഇബ്രാഹിം കുട്ടി പി എം |
| 7 | ഷാനറ്റ് എ ജോർജ്ജ് | 15 | അശോക് പി സ് |
| 8 | ബിനു കുമാർ എ പി | | |

തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ സംബന്ധിച്ച് നല്കിയ എൻക്വയറികൾക്ക് ( എൻക്വയറി നം. 12/14.11.16, 18/15.11.16 ) മറുപടി ലഭിച്ചിട്ടില്ല. തൊഴിൽനികുതി കുടിശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ആംബുലൻസ് ഉപയോഗം -ക്രമപ്രകാരമല്ല

പാലിയേറ്റീവ് കെയറിന്റെ ഉപയോഗത്തിനായി പഞ്ചായത്ത് സ്വന്തമായി ഒരു ആംബുലൻസ് 2012-13സാമ്പത്തികവർഷം വാങ്ങിയിരുന്നു. 2015-16 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രികപ്രകാരം ആംബുലൻസ് വാടക ഇനത്തിൽ 11500രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ആംബുലൻസ് ഉപയോഗം സംബന്ധിച്ച ബൈലോ, വാടക ഇനത്തിൽ വരവ് സംബന്ധിച്ച് അനുബന്ധഫയലുകൾ, എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല. ആയതു സംബന്ധിച്ച വിവരങ്ങൾ മുൻവർഷ, റിപ്പോർട്ടിലും ഉൾപ്പെടുത്തിയിരുന്നു. ആയതിനാൽ ആംബുലൻസ് ഉപയോഗം സംബന്ധിച്ച ബൈലോ തയ്യാറാക്കി പഞ്ചായത്ത്

കമ്മിറ്റി അംഗീകരിക്കേണ്ടതും കസ്റ്റോഡിയനെ നിശ്ചയിച്ച് ആംബുലൻസ് ഉപയോഗം ക്രമപ്രകാരമാക്കേണ്ടതുമാണ്.

## 2-6 പരസ്യ നികുതി ഈടാക്കുന്നില്ല.

അയ്മനം ഗ്രാമ പഞ്ചായത്തിൽ പരസ്യ നികുതി ഏർപ്പെടുത്തുന്നതിന് ജനറൽ കമ്മററിയോട് ശുപാർശ ചെയ്യണമെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മററിയുടെ 26/05/15 തിയതിയിലെ II(a) തീരുമാന പ്രകാരം നിശ്ചയിക്കുകയുണ്ടായി. ടി തീരുമാനത്തിന്റെ മേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (എൻക്വയറി നം 23/15.11.16 )മറുപടി ലഭിച്ചിട്ടില്ല. അയ്മനം ഗ്രാമ പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ധാരാളം പരസ്യങ്ങൾ പ്രദർശ്ശിപ്പിച്ചിട്ടുള്ളതായി കാണുന്നു. നാളിതുവരെ പരസ്യ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിനു ഭീമമായ നഷ്ടമാണ് ഉണ്ടാകുന്നത്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 209-ാം വകുപ്പ് പ്രകാരം പരസ്യനികുതി പിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മഴവെള്ളസംഭരണി വിതരണം- സബ്സിഡി തുക ഈടാക്കുന്നത്- നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച്

നിർവഹണോദ്യോഗസ്ഥൻ– അസിസ്റ്റന്റ് സെക്രട്ടറി

ചെലവഴിച്ച തുക- 498550

ഡി.ഡി. നമ്പർ– 757914/30.3.16
പ്രോജക്റ്റ് നം- 286/16

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോസ്ഥനായി നടപ്പാക്കിയ പട്ടികജാതിവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മഴവെള്ളസംഭരണി എന്ന പ്രോജക്റ്റ് പ്രകാരം 238 മഴവെള്ളസംഭരണികൾ ജിയോ ഏജൻസി, തിരുവല്ല എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. മൊത്തം ചെലവായ തുകയുടെ 25% ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതിന് ജി.ഒ.(എം.എസ്.)4/2016/തസ്വഭവ/11.1.16 നിഷ്കർഷിച്ചിരുന്നു. എന്നാൽ വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മറ്റിയുടെ 16.9.15 ലെ യോഗനടപടിക്കുറിപ്പ് ഖണ്ഡിക 3.36 ൽ സൂചിപ്പിച്ചിരിക്കും പ്രകാരം മഴവെള്ളസംഭരണിക്ക് അനുവദിച്ച സബ്സിഡി തുകയിൽ 25% തുക തനതുഫണ്ടിൽ നിന്ന് കണ്ടെത്തി സർക്കാരിലേക്ക് അടവാക്കണമെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നടപടിക്കുറിപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ നാളിതുവരെ പഞ്ചായത്ത് അധികൃതർ സ്വീകരിച്ചതായി കാണുന്നില്ല. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മഴവെള്ളസംഭരണിക്കായി ചെലവഴിച്ച 498550 രൂപയുടെ25% തുക (124638) തനതുഫണ്ടിൽ നിന്ന് കണ്ടെത്തി സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 3-2 പട്ടികജാതി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിയ്ക്കൽ–പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ -

നിർവ്വഹണോദ്യോഗസ്ഥൻ–--അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നം --294/16

ചെലവഴിച്ച തുക---990000 രൂപ (ഡി.ഡി.നം057267/21.01.2016)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പട്ടികജാതി സങ്കേതങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിയ്ക്കൽ– എന്ന പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

13-ാം വാർഡ് പെരുമന സങ്കേതം,15-ാം വാർഡ് പ്രാപ്പുഴ സങ്കേതം എന്നിവിടങ്ങളിലായി കെൽട്രോൺ മുഖേന990000 രൂപ ചെലവഴിച്ച് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ലൈറ്റുകൾക്ക് ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കണമെന്ന് സെക്രട്ടറി 12.10.2015 A2-5395/15 നമ്പർ കത്ത് പ്രകാരം കെ.എസ്.ഇ.ബി യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വയറിംഗ് അപൂർണ്ണമാണെന്നും, ആവശ്യമായ നിലവാരത്തോടുകൂടിയ കപ്പാസിറ്റർ ഘടിപ്പിച്ചിട്ടില്ലെന്നും, വയറിംഗ് എർത്ത് ചെയ്തിട്ടില്ലെന്നും 17.03.2016 ലെ DB-16/15-16 നമ്പർ കത്തുപ്രകാരം അസി.എൻജിനീയർ, അയ്മനം, ഇലക്ട്രിക്കൽ സെക്ഷൻ സെക്രട്ടറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത വിവരം സെക്രട്ടറി 28.03.2016 ലെ A2-5238/16 നമ്പർ കത്ത് പ്രകാരം കെൽട്രോൺ നെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൻമേൽ കെൽട്രോൺ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഭൗതികപരിശോധനയിൽ കോളനികളിൽ സ്ഥാപിച്ചിരിയ്ക്കുന്ന ഭൂരിപക്ഷം മിനി മാസ്റ്റ് ലൈറ്റുകളും കത്തുന്ന

അവസ്ഥയിലല്ലെന്ന് ഓഡിറ്റിന് ബോദ്ധ്യമായിട്ടുണ്ട്.മേൽ സൂചിത അപാകതകളുടെ അടിസ്ഥാനത്തിൽ ടീയിനത്തിൽ ചെലവഴിച്ച990000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗ്യാരണ്ടി കാലാവധി അവസാനിക്കുന്നതിനു മുമ്പ് കേടായ ലൈറ്റുകൾ കെൽട്രോണിൽ നിന്ന് റിപ്പയർ ചെയ്ത് ലഭ്യമാക്കുന്നതിനുള്ള അടിയന്തിരനടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-3 <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ -പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ - സംബന്ധിച്ച്</u>

നിർവ്വഹണോദ്യോഗസ്ഥൻ–--അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം -50/16

ചെലവഴിച്ച തുക - 267750 രൂപ (ഡി.ഡി.നം .2016)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ എന്ന പ്രോജക്ട് നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

മേൽ സൂചിത പ്രോജക്ടുപ്രകാരം പതിനൊന്ന് എസ്സ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകിയതായി ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. മൂന്ന് ഏജൻസികൾ ക്വട്ടേഷൻ നൽകിയതിൽ കടവിൽ ഇൻഫോടെക്കിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായി കാണുന്നു. കടവിൽ ഇൻഫോടെക്ക് സമർപ്പിച്ച ഇൻവോയിസ്, ദർഘാസിൽ സൂചിപ്പിച്ചതു പ്രകാരമുള്ള സ്പെസിഫിക്കേഷനിലാണോ ലാപ്ടോപ്പ് ലഭ്യമാക്കിയ തെന്ന വിവരം, സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 267750 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 <u>ഗ്രാമകേന്ദ്രങ്ങളിൽ സ്ഥാപിക്കാനായി വാങ്ങിയ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. രൂപ 30800</u>

പ്രോജക്ടനം.259/16

അടങ്കൽ -150000/-(തനതുഫണ്ട്)

ചെലവ് -56000/-(വൗച്ചർ നം.16/4-2016)

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലേക്കുമായി ഗ്രാമകേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള ബോർഡുകൾ നിർമ്മിച്ചു നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ 3ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.ഉണ്ണികൃഷ്ണൻ,കോട്ടയം പ്ലാസ്റ്റിക്സ് എന്നയാളുടെ കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ (ബോർഡ് ഒന്നിന് 2800/-രൂപ) അംഗീകരിക്കുകയുംചെയ്തു.(6-4-15-ലെ7-ാം നമ്പർ തീരുമാനം) സ്ഥാപനത്തിന്റെ 13-4-15-ലെ ബിൽപ്രകാരമുള്ള (നം.രേഖപ്പെടിത്തിയിട്ടില്ല)

56000/-രൂപ മേൽ വൗച്ചർ പ്രകാരം സ്ഥാപനത്തിന് അനുവദിച്ചിട്ടുമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം വാർഡുകളിൽ ഗ്രാമകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ആയതിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ള കേന്ദ്രങ്ങളുടെ വിവരം ലഭ്യമാക്കണമെന്നും രേഖാമൂലംആവശ്യപ്പെട്ടുവെങ്കിലും (എൻക്വയറി നം. 21/15-11-16) മറുപടി ലഭ്യമാക്കിയില്ല.ഓഡിറ്റ് നടത്തിയ ഭൗതികപരിശോധനയിൽ വാങ്ങിയ 20 ബോർഡുകളിൽ 11എണ്ണം പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മുകളിൽ മഴയും വെയിലും എൽക്കുന്ന തുറസ്സായ സ്ഥലത്ത് ഉപയോഗിക്കാതെ ചാരിവച്ചിരിക്കുന്ന നിലയിൽ കണ്ടു.

ബോർഡുകൾ ഉപയോഗിക്കാതെയും അലക്ഷ്യമായി സൂക്ഷിച്ചിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച 30800/-(2800X11)രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.സർക്കാർ നിർദ്ദേശാനുസരണം ഗ്രാമകേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ലാത്ത വാർഡുകളിൽ അവ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾസ്വീകരിക്കേണ്ടതും വാങ്ങിയ ബോർഡുകൾ ഇവിടങ്ങളിൽ സ്ഥാപിക്കേണ്ടതുമാണ്.

## 3-5 <u>വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ–പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ</u>

| | |
|---|---|
| പ്രോജക്ട് നം. | 329/15-16,സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ |
| ചെലവ് | 298075/-(വികസനഫണ്ട്) ബിൽ തീയതി: 21.3.16 |

| | |
|---|---|
| | 99150/-(പെർഫോമൻസ് ഗ്രാന്റ്) ബിൽ നം 5/31.3.16 |
| ആകെ | 397225 രൂപ<br>(283108 രൂപ ഡി.ഡി. നം. 60721/5.4.16<br>14967 രൂപ ഡി.ഡി.നം. 60720/5.4.16<br>99150 രൂപ ഡി.ഡി. നം. 60718/5.4.16) |

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിലേക്കായി ആകെ 397225/-രൂപ ബന്ധപ്പെട്ട ഇലക്ട്രിക് ഡിവിഷൻ ഓഫീസുകളിൽ അടവാക്കുന്നതിനായി പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| അയ്മനം ഡിവിഷൻ | 283108 രൂപ ഡി.ഡി. നം. 60721/5.4.16 |
| കുമരകം ഡിവിഷൻ | 14967 രൂപ ഡി.ഡി.നം. 60720/5.4.16 |
| അയ്മനം ഡിവിഷൻ | 99150 രൂപ ഡി.ഡി. നം. 60718/5.4.16 |

ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) പ്രോജക്ടിന്റെ വിശദാംശങ്ങളടങ്ങിയ അംഗീകരിച്ച പ്രോജക്ട് പ്രഫോർമ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) 20-ാം വാർഡിലെ ലൈൻദീർഘിപ്പിക്കൽ പ്രവൃത്തിക്കായുള്ള ഡെപ്പോസിറ്റ് തുക കുമരകം കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എൻജിനീയർക്ക് കൈമാറിയിട്ടുണ്ടെങ്കിലും കരാർ ചമച്ചിട്ടില്ല. .

3) പഞ്ചായത്തും ഇലക്ട്രിക്കൽ സെക്ഷൻ, അയ്മനം, അസിസ്റ്റന്റ് എൻജിനീയറും തമ്മിലുണ്ടാക്കിയ നമ്പറും തീയതിയും രേഖപ്പെടുത്തിയിട്ടില്ലാത്ത കരാറിലെ 8-ാം വ്യവസ്ഥയനുസരിച്ച് നിർവ്വഹണ സ്ഥാപനം എത്രയും വേഗം പ്രവൃത്തി ആരംഭിച്ച് പണി പൂർത്തീകരിക്കേണ്ടതാണ്.12-ാം വ്യവസ്ഥപ്രകാരം ജോലി തുടങ്ങുന്നത് സംബന്ധിച്ചും അതിന്റെ പുരോഗതി സംബന്ധിച്ചും ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതാണ്.എന്നാൽ നാളിതുവരെയായിട്ടും പ്രവൃത്തി ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ടെന്ന വിവരം നിർവ്വഹണ എജൻസിയിൽ നിന്നും ലഭ്യമായിട്ടില്ല.

4) കരാർ വ്യവസ്ഥ 13 പ്രകാരം പ്രോജക്ടിനായി പഞ്ചായത്ത് നിശ്ചയിക്കുന്ന മോണിറ്ററിംഗ് സമിതി പ്രവൃത്തിസ്ഥലം സന്ദർശിച്ച് നിർവ്വഹണപുരോഗതി വിലയിരുത്തേണ്ടതും വിശദാംശങ്ങൾ ശേഖരിക്കേണ്ടതുമാണ്.എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം മോണിറ്ററിംഗ് സമിതിയെ തെരഞ്ഞെടുത്തിട്ടില്ല.

5) ചെലവ് തുകയുടെ വിനിയോഗ വിവരങ്ങളും പ്രവൃത്തിയുടെ പൂർത്തീകരണ വിവരങ്ങളും സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസിയിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല.

മേൽ സൂചിപ്പിച്ച ഓഡിറ്റ് നിരീക്ഷണക്കുറിപ്പുകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.കരാർ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. മേൽ സാഹചര്യത്തിൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 വിവിധ ജംഗ്ഷനുകളിൽ മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- സ്ഥാപിച്ച മിക്ക ലൈറ്റുകളും പ്രകാശിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 260/15-16 |
| അടങ്കൽ | 1892560 (1642520 ലോകബാങ്ക് ധനസഹായം + 250000 തനതുഫണ്ട്) |
| ചെലവ് | 1840346 (1642560 + 197786) |

പ്രോജക്ട് പ്രകാരം 45 വാട്ടിന്റെ 3 എൽ.ഇ.ഡി. വിളക്കുകളുള്ള മിനി മാസ്റ്റ് ലൈറ്റിങ് സിസ്റ്റം 29 എണ്ണം സ്ഥാപിച്ച ഇനത്തിൽ വാറ്റ് ഉൾപ്പെടെ ആകെ 1642560 രൂപ സോളെനർജീസ്, പാലക്കാട് എന്ന സ്ഥാപനത്തിന് ഡി.ഡി. നമ്പർ 236155/29.10.15 പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ അയ്മനം, കുമരകം എന്നീ ഇലക്ട്രിക്ക് ഡിവിഷനുകളിൽ ഡെപ്പോസിറ്റ് അടവാക്കുന്നതിനായി 197786 രൂപയും ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ആകെ 29 സ്ഥലങ്ങളിലാണ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. 20-ാം വാർഡിലും മൂന്നാം വാർഡിലും നടത്തിയ ഭൗതികപരിശോധനയിൽ വാർഡ് നാലിൽ സ്ഥാപിച്ചിട്ടുള്ള പല ലൈറ്റുകളിലെയും എല്ലാ ബൾബുകളും പ്രകാശിക്കുന്നില്ലാത്തതായി കണ്ടു. വാർഡ് മൂന്നിൽ സ്ഥാപിച്ചിട്ടുള്ള മൂന്നെണ്ണത്തിൽ ഒരു ലൈറ്റ്

പൂർണമായും പ്രവർത്തനരഹിതമാണെന്നും അന്വേഷണത്തിൽ ബോധ്യപ്പെട്ടു. സ്ഥാപനവുമായുള്ള കരാർ പ്രകാരം രണ്ടു വർഷമാണ് വാറണ്ടി പീരിയഡ്. ആയതിനാൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ള മറ്റ് എല്ലാ സ്ഥലങ്ങളിലും പരിശോധന നടത്തി ലൈറ്റുകൾ പ്രകാശിക്കുന്നില്ലായെന്ന് കണ്ടെത്തുന്ന പക്ഷം സ്ഥാപനവുമായി ബന്ധപ്പെട്ട് ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കി ലഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. 20 വാർഡുകളുള്ള പഞ്ചായത്തിന്റെ എട്ടു വാർഡുകളിലായി 29 സ്ഥലങ്ങളാണ് പ്രോജക്ടിനായി തിരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത സ്ഥലങ്ങൾ തിരഞ്ഞെടുത്തത് ആരാണെന്നും മാനദണ്ഡം എന്താണെന്നും പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല. ഇത്രയധികം മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും വ്യക്തമാക്കിയിട്ടില്ല.
2. അയ്മനം, കുമരം, ആർപ്പൂക്കര എന്നീ ഇലക്ട്രിക്ക് ഡിവിഷനുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിലേക്കായി അതാത് കെ.എസ്.ഇ.ബി. ഓഫീസുകളിൽ ഡെപ്പോസിറ്റ് തുക അടവാക്കുന്നതിനായി യഥാക്രമം 162555 രൂപ, 21031 രൂപ, 14200 രൂപ വീതം ആകെ 197786 രൂപ തനതുഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ ഡെപ്പോസിറ്റ് തുക കെ.എസ്.ഇ.ബിയിൽ അടവാക്കിയ ഡി.ഡി.യുടെ പകർപ്പോ കെ.എസ്.ഇ.ബി.യുടെ കൈപ്പറ്റ് രസീതോ ഫയലിൽ ലഭ്യമല്ല.
3. വാങ്ങിയ ലൈറ്റുകൾ നിശ്ചയിച്ചിരുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമോ മോണിട്ടറിങ് സമിതിയുടെ റിപ്പോർട്ടോ ഇല്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 6) തൃപ്തികരമായ വിശദീകരണം ലഭ്യമായിട്ടില്ല. എക്സിറ്റ് മീറ്റിങ്ങിൽ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (സ്ഥാപനത്തിന് കൈമാറിയ 1642560 രൂപ) ഗ്രാമപഞ്ചായത്തിൽ നിന്ന് സ്ഥലപരിശോധന നടത്തി പ്രകാശിക്കാത്ത വിളക്കുകളുടെ വിവരം ശേഖരിച്ച് സ്ഥാപനത്തെ അറിയിക്കേണ്ടതും ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-7 <u>അംഗൻവാടികൾക്ക് ഫർണിച്ചർ , അംഗൻവാടികൾക്ക് ഗ്യാസ് സ്റ്റൗ വാങ്ങൽ എന്നീ പ്രോജക്ടുകളുടെ നിർവഹണത്തിൽ അപാകതകൾ</u>

| | |
|---|---|
| 1) അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങൽ | |
| പ്രോജക്ട് നമ്പർ | 158/16 |
| ചെലവഴിച്ച തുക | 198146 (ഡി.ഡി. നം. 6072/5.4.16) സംരക്ഷണഗ്രാന്റ് നോൺ റോഡ് |
| 2) അംഗൻവാടികൾക്ക് ഗ്യാസ് സ്റ്റൗ വാങ്ങൽ | |
| പ്രോജക്ട് നമ്പർ | 25/16 |
| ചെലവഴിച്ച തുക | 49900 (സംരക്ഷണഗ്രാന്റ് നോൺ റോഡ്) |
| | ബിൽ നമ്പർ 287/11.5.16 |

2015-16 സാമ്പത്തികവർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ സൂചിത പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

- അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം സിഡ്കോയിൽ നിന്ന് 25 അലമാരകളും 29 മേശകളും വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതായി കാണുന്നില്ല.
- അംഗൻവാടികൾക്കായി സിഡ്കോയിൽ നിന്ന് വാങ്ങിയ ഗ്യാസ് സ്റ്റൗ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതായി വ്യക്തമല്ല.
- ടെൻഡർ നടപടികൾ ഇല്ലാതെയായിരുന്നു സിഡ്കോയിൽ നിന്ന് ഗ്യാസ് സ്റ്റൗ വാങ്ങിയത്.
- മേൽ സൂചിത ഉപകരണങ്ങൾ (ഗ്യാസ് സ്റ്റൗ, ഫർണിച്ചർ) വാങ്ങിയ ഏജൻസിയുടെ പ്രഫോമ ഇൻവോയ്സ് മാത്രമേ ഫയലിൽ ലഭ്യമാക്കിയിട്ടുള്ളു. റീട്ടെയിൽ ഇൻവോയ്സ്, ഡി.ഡി. എന്നിവയുടെ പകർപ്പ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. പ്രൊഫോമ ഇൻവോയ്സിൽ ഗ്യാസ് സ്റ്റൗവിന്റെ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയില്ല.
- പ്രൊക്യൂവർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ മേൽ സൂചിത പർച്ചേസുകളുടെ ക്വട്ടേഷൻ അംഗീകരിച്ചതായി കാണുന്നില്ല.

  മേൽ സൂചിത കാരണങ്ങളാൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 348046 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 കേൾവിശേഷിയില്ലാത്തവർക്ക് ഉപകരണവിതരണം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 27/16 |
| ചെലവഴിച്ച തുക | 32500 രൂപ (പദ്ധതി വിഹിതം ജനറൽ |
| ബിൽ നമ്പർ | 303/15-16 |

2015-16 സാമ്പത്തികവർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടായിരുന്നു കേൾവി ശേഷിയില്ലാത്തവർക്ക് ഉപകരണങ്ങൾ വാങ്ങൽ. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. നാല് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതായി ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കെൽട്രോൺ നൽകിയ ബില്ലിൽ 3500 രൂപയുടെ 5 ഉപകരണങ്ങൾ (ബിൽ നമ്പർ പി.ആർ. 100/15/2015-16/21.3.16) ലഭ്യമാക്കിയതായി സൂചിപ്പിച്ചിട്ടുണ്ട്.
2. കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ വാങ്ങുന്നതിന്റെ പ്രൊക്യൂവർമെന്റ് കമ്മിറ്റി തീരുമാനം ഫയലിൽ ലഭ്യമാക്കിയിട്ടില്ല.
3. ലഭ്യമാക്കിയ ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

മേൽ സൂചിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 15.11.16 ൽ നൽകിയ 19-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല. മേൽസൂചിത കാരണങ്ങളാൽ നാല് ഉപകരണങ്ങളുടെ വിലയായ 26000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും അധികമായി വാങ്ങിയ ഒരു ഉപകരണത്തിന്റെ വിലയായ 6500 രൂപ ഓഡിറ്റിൽ നിരാകരിക്കുകയും ചെയ്യുന്നു.

## 3-9 തീർത്തും അപകടകരമായ ഭൗതീക സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ

## പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നു.

അയമനം പി.എച്ച്.സി-യ്ക്ക് പുതിയ കെട്ടിടം പണിയുന്നതിനുവേണ്ടി 2012-ലെ SOR പ്രകാരം 1900000/-രൂപ വകയിരുത്തി തയ്യാറാക്കിയ പ്രോജക്ടിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിരുന്നു.19-2-15-ൽകരാറുകാരൻ ശ്രീ.ജോർജ് ജോസഫുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കുകയും നാളിതുവരെ ചുവടെ ചേർക്കും പ്രകാരം 11109532 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

1-ാം പാർട്ട്ബിൽ പ്രകാരമുള്ള തുക -678252/-

2-ാം പാർട്ട്ബിൽ പ്രകാരമുള്ള തുക -479205

രണ്ട് ബില്ലുകളിൽനിന്നുമായി റീടെൻഷൻ

ഇനത്തിൽ കിഴിവുചെയ്ത തുക -115745/-

ഒന്നാം പാർട്ട് ബില്ലിൽനിന്നും പിടിച്ച

റീട്ടെൻഷൻതിരികെ നൽകിയത് -67820/-

ആകെച്ചെലവ് - -11109532/-

15-11-2016-ൽ നടത്തിയ ഭൗതീകപരിശോധനയിൽ എസ്റ്റിമേറ്റ് പ്രകാരം കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് വരെയുള്ള പണികൾ പൂർത്തീകരിച്ച് ജി.ഐ.ഷീറ്റുകൊണ്ട് റൂഫിംഗ് വരാന്ത ടൈൽ ഇട്ട് കതകുകളും ജനാലകളും പിടിപ്പിച്ചിട്ടുള്ളതായും കണ്ടു.എന്നാൽ ടോയ് ലറ്റ്,ഇലക്ട്രിഫിക്കേഷൻ,സാനിറ്ററി ഫിറ്റിംഗ്സ്,പ്ലംബിംഗ്,വാട്ടർകണക്ഷൻ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ നടത്തിയിട്ടില്ലാത്തതായും ബോദ്ധ്യപ്പെട്ടു. 2016-17വർഷം ബ്ലോക്ക് വിഹിതം നാലുലക്ഷം രൂപയും തനതുഫണ്ട് 390468 രൂപയും ഉൾപ്പെടെ ആകെ 790468 രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം വാങ്ങിയെങ്കിലും കെട്ടിടം പണിയുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് നിലനിൽക്കുന്നതിനാൽ പ്രോജക്ടിന്റെ പൂർത്തീകരണം നിലവിൽ തടസ്സപ്പെട്ടിരിക്കുകയാണ്.

ഇതേ കോമ്പൗണ്ടിൽത്തന്നെ സ്ഥിതിചെയ്യുന്ന പഴയ കെട്ടിടം എല്ലാഭിത്തികളും വിണ്ടുകീറി ഭിത്തികളുടെയും ജനാലകളുടേയും ഇടയിൽ വലിയ വിള്ളലുകളും രൂപപ്പെട്ട് എതുനിമിഷവും നിലംപൊത്താവുന്ന അവസ്ഥയിലുമാണ്.ഇവിടെ തീർത്തും അപകടകരവും സുരക്ഷിതത്വമില്ലാത്ത തുമായ സാഹചര്യത്തിലേക്കാണ് ചികിത്സയ്ക്കായി രോഗികൾ എത്തുന്നതും ജീവനക്കാർ ജോലി ചെയ്യുന്നതും എന്ന് നേരിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.ഡിസ്പെൻസറികളും പ്രാഥമികാരോഗ്യകേന്ദ്രങ്ങളും നടത്തുക എന്നത് പൊതുജനാരോഗ്യ മേഖലയിൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്നിരിക്കെ മേൽസാഹചര്യത്തിൽ പി.എച്ച്.സി പ്രവർത്തിക്കേണ്ടി വരുന്നത് ഒട്ടുംതന്നെ അഭികാമ്യമല്ല. ആയതിനാൽ നിലവിൽ പണികഴിപ്പിച്ചിട്ടുള്ളകെട്ടിടത്തിന് ബലക്ഷയം ഇല്ലായെന്ന് ഉറപ്പുവരുത്തി ,തുടർപണികൾക്ക് നിലവിലുള്ള തടസ്സം ഒഴിവാക്കി ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അവശ്യം വേണ്ട അടിസ്ഥാനസൗകര്യങ്ങളൊരുക്കി പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത്ഭരണസമിതിയുടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 3-10 ജലനിധി പ്രവർത്തനങ്ങൾ - നാളിതുവരെ പ്രവർത്തനപുരോഗതി കൈവരിയ്ക്കാത്തത് സംബന്ധിച്ച്

അയ്മനം പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കണ്ടെത്തുന്നതിനാണ് 2012-13 സാമ്പത്തിക വർഷം ജലനിധി പ്രവർത്തനങ്ങൾ ആരംഭിച്ചത്. മൊത്തം എസ്റ്റിമേറ്റ് തുകയായ 12 കോടി രൂപയിൽ 10% ഗുണഭോക്തൃവിഹിതവും, 15% ഗ്രാമപഞ്ചായത്ത് വിഹിതവും ശേഷിയ്ക്കുന്ന തുക സർക്കാരുമാണ് നൽകുന്നത്. രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കേണ്ട പ്രോജക്ട് നാലുവർഷം കഴിഞ്ഞിട്ടും പ്രാരംഭപ്രവർത്തനങ്ങൾ പോലും ആരംഭിച്ചിട്ടില്ല. പഞ്ചായത്ത് വിഹിതമായി നൽകേണ്ടിയിരുന്ന 1.8 കോടി രൂപയിൽ 1.47കോടി രൂപ പഞ്ചായത്ത് നൽകിക്കഴിഞ്ഞു. കൂടാതെ 2014-15 സാമ്പത്തികവർഷം മെയിന്റെനൻസ് ഇനത്തിൽ 5.6 ലക്ഷം രൂപയും ബയോഗ്യാസ് പ്ലാന്റ് നിർമ്മിയ്ക്കുന്നതിനായി 4.5 ലക്ഷം രൂപയും കുടിവെള്ളവിഹിതമിനത്തിൽ ഇരുപത് ലക്ഷം രൂപയും പഞ്ചായത്ത് നൽകിയിട്ടുണ്ട്. ഗുണഭോക്തൃഗ്രൂപ്പ് ഇനത്തിൽ ലഭ്യമാക്കേണ്ടിയിരുന്ന 1.2 കോടി രൂപയിൽ 72.3ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്. രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്തിലെ അയ്മനം, പുലിക്കുട്ടിശ്ശേരി കുടിവെള്ളപദ്ധതികൾ പ്രവർത്തന രഹിതമാണ്. വാട്ടർ അതോറിട്ടിയ്ക്ക് ഓരോ സാമ്പത്തികവർഷവും ഒൻപത് ലക്ഷം രൂപയാണ് വാട്ടർ ചാർജ്ജ് ഇനത്തിൽ അടവാക്കി വരുന്നത്. ആയതിനാൽ ജലനിധി പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനുള്ള സത്വരനടപടികൾ അധികൃതർ സ്വീകരിയ്ക്കേണ്ടതാണ്.

## 3-11 ഗ്രാമസഭകളുടെസംഘാടനം

അയ്മനം ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകളുടെ പ്രവർത്തനത്തിലും സംഘാടനത്തിലും ഗുരുതരമായ പിഴവുകൾ സംഭവിച്ചിട്ടുള്ളതായി ഗ്രാമസഭകളുടെ മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അവ ചുവടെ സംഗ്രഹിക്കുന്നു.

1. മൂന്ന് മാസത്തിൽ ഒരിക്കൽ ഗ്രാമസഭകൾ യോഗം ചേരണമെന്ന കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) ലെ നിർദ്ദേശം ഗ്രാമ പഞ്ചായത്തിൽ പാലിച്ചിട്ടില്ല

2. നിയമാനുസൃത കോറമില്ലാതെ ഗ്രാമസഭകൾ യോഗം ചേർന്നു

ഓരോ വാർഡിലേയും സമ്മതിദായകരുടെ പത്തു ശതമാനമാണ് ഗ്രാമസഭയുടെ കോറം.കോറം തികയാതെ വന്നാൽ ഗ്രാമസഭനിർത്തിവയ്ക്കുകയും മറ്റൊരു ദിവസം കുറഞ്ഞത് അമ്പത് പേരുടെ അംഗസംഖ്യയിൽ വീണ്ടും യോഗം ചേരേണ്ടതുമാണ്. {കേര.പ.രാജ് നിയമം 3എ(4)}. എന്നാൽ അയ്മനം ഗ്രാമപഞ്ചായത്തിൽ 2014-15ൽ ചേർന്ന പല ഗ്രാമസഭകളിലും നിയമാനുസൃത കോറം ഇല്ലായിരുന്നെന്ന് മിനിട്സ് വ്യക്തമാക്കുന്നു. നിയമാനുസൃത കോറമില്ലാതെ വന്ന സന്ദർഭത്തിൽ ഗ്രാമസഭാ യോഗം നിർത്തിവച്ച് പകരം മറ്റൊരു ദിവസം യോഗം ചേരേണ്ടതായിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല. നിയമാനുസൃതകോറം ഇല്ലാതിരുന്നതിനാൽ ഗ്രാമസഭ കൂടിയതിനും ഗ്രാമസഭ കൈക്കൊണ്ട തീരുമാനങ്ങൾക്കും നിയമപരമായ സാധുത ഇല്ലാതായിരിക്കുന്നു.

3. ഗ്രാമസഭാപങ്കാളിത്തം വ്യക്തമാക്കുന്ന ഫോട്ടോകൾ മിനിട്സിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

4. ഗ്രാമസഭകളിൽ വാർഷിക കണക്ക്, ഭരണറിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട്, എന്നിവ ചർച്ച ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതി സംബന്ധിച്ച വരവ്ചെലവ് കണക്കുകൾ, വാർഷിക ഭരണറിപ്പോർട്ട്, ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഗ്രാമസഭയിൽ ചർച്ച ചെയ്യുകയോ നിയമാനുസരണം ഗ്രാമസഭയുടെ അഭിപ്രായം സ്വരൂപിക്കുകയോ ചെയ്യുന്നില്ല.

ഗ്രാമസഭാസംഘാടനം കുറ്റമറ്റതാക്കുന്നതിന് കൂടുതൽ ജാഗ്രത പഞ്ചായത്തധികൃതർ പുലർത്തേണ്ടതാണ്.

## 3-12 നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ തുകയുടെ ചെലവ് വിശദാംശങ്ങളും വിനിയോ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. ചെലവ് തടസ്സപ്പെടുത്തുന്നു.

2015-16 വർഷം ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി വിവിധ നിർവ്വഹണ ഏജൻസികൾക്ക്/സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും പ്രോജക്ടുകളുടെ പൂർത്തീകരണവിവരങ്ങളും കൈമാറിയിട്ടുള്ള തുകയുടെ വിനിയോഗസാക്ഷ്യപത്രവും ഫയലിൽ ലഭ്യമായിട്ടില്ല.

| പ്രോജക്ട് | നിർവ്വഹണ ഏജൻസി/ സ്ഥാപനം | കൈമാറിയ തുക/ | ബിൽ നമ്പർ/ഡി.ഡി.നമ്പർ |
|---|---|---|---|
| 306/15-16 എ.ബിസി.പ്രോഗ്രാം വിഹിതം കൈമാറൽ | ജില്ലാപഞ്ചായത്ത് | 200000/ | 176/18-9-15 |
| 140/15-16ഐ.എ.വൈ | ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 400000/- | വൗച്ചർ നം. 21501064/11-3-16 |
| 46/15-16ഐ.എ.വൈ(11 | ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് | 1120000/- | ഡി .ഡി.നം .058175/23.2.16 |
| 335/16എസ്.എസ്.എ(scp) | ജില്ലാ പ്രോജക്ട് ഓഫീസർ,എസ്.എസ്.എ. | 75000/- | ഡി.ഡി.നം. 060011/30-3-16 |
| 1/15-16 എസ്. എസ്.എ(ജനറൽ) | ,, | 500000/- | 23117/21-12-16 |
| | | 2295000/- | |

മേൽ പ്രോജക്ടുകൾക്കായി കൈമാറിയിട്ടുള്ള തുകയുടെ വിനിയോഗസാക്ഷ്യപത്രവും പ്രവൃത്തി പൂർത്തീകരണ വിവരങ്ങളും ലഭ്യമാക്കമെന്ന് കാണിച്ച് എൻക്വയറി (നം.15/15-11-16) നൽകിയിരുന്നതിന് മറുപടി

ലഭ്യമാക്കിയില്ല.വിനിയോഗവിശദാംശങ്ങളുടെ അഭാവത്തിൽ ഖണ്ഡികപ്രകാരമുള്ള 2295000/- രൂപയുടെ ചെലവ് തയസ്സപ്പെടുത്തുന്നു.

## 3-13 തെരുവുവിളക്ക് മെയിന്റനൻസിനായി വൻതുക ചെലവഴിക്കുന്നു.

തെരുവുവിളക്ക് മെയിന്റനൻസിന്റെ ഭാഗമായി പ്രവർത്തിക്കാത്ത വിളക്കുമാറി പുതിയവ സ്ഥാപിക്കുന്നതിനും നിലവിലുള്ള വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനുമായി തൻവർഷം നടപ്പാക്കിയ 9 പ്രോജക്റ്റുകൾക്കായി ആകെ 3626867 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമേ വിവിധ വാർഡുകളിൽ തെരുവുവിളക്കുകൾ മെയിന്റനൻസുമായി ബന്ധപ്പെട്ട് 8, 9, 10 മാസങ്ങളായി ഇലക്ട്രീഷ്യൻമാർക്ക് 40500 രൂപ അനുവദിച്ച കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | തുക കൈപ്പറ്റിയ വ്യക്തിയുടെ പേര് | തുക | ചെക്ക് നം/തീയതി |
|---|---|---|---|
| 8 | മെബിൻ കെ. ഏബ്രഹാം | 2250 | 4911/21.8.15 |
| 13 | അനീഷ് ജോസഫ് | 900 | 4917/31.8.15 |
| 13 | പ്രവീൺ | 1350 | 4974/31.8.15 |
| 9&11 | റിജാസ് | 2250 | 5026/10.9.15 |
| 9&12 | നവാസ് | 2250 | 5027/10.9.15 |
| 7 | റെജി | 1350 | 5028/10.9.15 |
| 7 | അശോകൻ | 1350 | 5029/10.9.15 |
| 8 | നവാസ് | 1350 | 5030/10.9.15 |
| 8 | റിജാസ് | 1350 | 5061/10.9.15 |
| 14 | ജോൺ സി. ജോൺ | 1350 | 5072/15.9.16 |
| 4 | രാധാകൃഷ്ണൻ | 900 | 5073/15.9.16 |
| 20 | പി.വി.സുഗുണൻ | 2700 | 5074/15.9.16 |
| 15 | യോഹന്നാൻ | 1350 | 5075/15.9.16 |
| 15 | സജീവ് | 1350 | 5076/15.9.16 |
| 6 | യോഹന്നാൻ | 1350 | 5077/15.9.16 |
| - | സജീവ് | 1350 | 5078/15.9.16 |
| 16 | സതീഷ് | 1350 | 5128/25.9.15 |
| 16 | കൃഷ്ണലാൽ | 900 | 5129/25.9.15 |
| 18 | കുഞ്ഞുമോൻ | 2700 | 5130/25.9.15 |
| 10 | ചെറുകായി | 2700 | 5520/5.10.15 |
| 19 | സുരേഷ് | 2700 | 5521/7.10.15 |
| 12 | സജി | 2700 | 5522/7.10.15 |
| - | സതീഷ് | 2700 | 5537/17.10.15 |
| ആകെ | | 40500 | |

തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഫണ്ടിൽ നിന്ന് ഓരോ വർഷവും വൻതുക ചെലവഴിക്കുന്നുണ്ടെങ്കിലും വിവിധ സ്ഥലങ്ങളിൽ നടത്തിയ പ്രാദേശികപരിശോധനയിൽ പല സ്ഥലത്തും തെരുവുവിളക്കുകൾ പ്രകാശിക്കുന്നില്ലാത്തതായി പൊതുജനങ്ങളിൽ നിന്ന് അറിയാൻ കഴിഞ്ഞു. ആയതിനാൽ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ തുടർനിരീക്ഷണത്തിന് വിധേയമാക്കേണ്ടതാണ്.

## 3-14 ആശ്രയ പദ്ധതി നടത്തിപ്പ്

തൻവർഷം ആശ്രയ പദ്ധതിക്കായി പ്രോജക്റ്റുകളൊന്നും ആസൂത്രണം ചെയ്തിട്ടില്ല. ചലഞ്ച് ഫണ്ട് വിനിയോഗിച്ച് അതിജീവനാവശ്യങ്ങളായ ഭക്ഷണസാധനങ്ങൾ, മരുന്ന് മുതലായവയുടെ വിതരണം മാത്രമാണ് നടന്നിട്ടുള്ളത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കണക്കുകൾ പരിശോധിച്ചതിൽ ഒന്നാംഘട്ടപദ്ധതിയുടെ ബാലൻസ് ഇനത്തിൽ 1665993 രൂപ എസ്.ബി.ടി. അയ്മനം

ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 57052232053) 31.3.16 ൽ നീക്കിയിരിപ്പുണ്ട്. ചലഞ്ച് ഫണ്ടും പലിശയിനത്തിൽ ലഭിച്ച തുകയുമാണ് അക്കൗണ്ടിലുള്ളത്. കുടുംബശ്രീ ആശ്രയ പദ്ധതി കൂടുതൽ വിപുലമാക്കിയും കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തിയും ജി.ഒ.(എം.എസ്.) നം 170/2012/തസ്വഭവ /16.2.12 ൽ നിർദേശിച്ചിട്ടുള്ള പ്രകാരം പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് മുൻവർഷത്തെ റിപ്പോർട്ടിലും (ഖണ്ഡിക 30) പരാമർശിച്ചിട്ടുള്ളതാണ്.

## 3-15 എസ്.എസ്.എ. (എസ്.സി.പി.) വിഹിതം കൈമാറൽ- മാർഗരേഖയിലെ നിബന്ധനകൾ പാലിച്ചിട്ടില്ല

ജി.ഒ.(എം.എസ്.) 362/13/തസ്വഭവ/16.11.13 പ്രകാരമുള്ള മാർഗരേഖാ ഉത്തരവ് ഖണ്ഡിക 8(2) അനുസരിച്ച് എസ്.എസ്.എ. , ആർ.എം.എസ്.എ. പ്രോജക്ടുകളിലേക്ക് തുക കൈമാറ്റുന്നതിനുമുമ്പ് മുൻവർഷം നൽകിയ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എസ്.എസ്.എ.യിൽ വാങ്ങേണ്ടതാണ്. മേൽ ഖണ്ഡികയുടെ കുറിപ്പ് (2) പ്രകാരം വിദ്യാലയങ്ങളിലെ വ്യത്യസ്തവിഭാഗം കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ തുക വകയിരുത്തേണ്ടതും ഓരോ സ്കൂളിലെയും ഓരോ വിഭാഗം കുട്ടികളുടെയും എണ്ണവും ശതമാനവും സംബന്ധിച്ച സ്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രവും നിർബന്ധമായും പ്രോജക്ടിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. 2015-16 വർഷം പ്രോജക്ട് നമ്പർ 335/16 പ്രകാരം എസ്.എസ്.എ. പ്രോജക്ടിനുള്ള എസ്.സി.പി. വിഹിതമായി 75000 രൂപ ഡി.ഡി. നം. 60011/30.11.16 പ്രകാരം പ്രോജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ടെങ്കിലും മാർഗരേഖയിലെ മേൽപ്പറഞ്ഞ നിർദേശങ്ങൾ പാലിച്ചിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

**4-2.** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസിയുടെ പേര് | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നർകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെൽട്രോൺ | മിനിമാസ്റ്റ് ലൈറ്റ് | 057267(DDno) | 990000 | 990000 | 0 |
| കെ.എസ്.ഇ.ബി | വൈദ്യുതിലൈൻ നീട്ടൽ | 060718,060721 (DDno) | 443315 | 0 | 443315 |

**4-3.** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

**4-4.** വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

**4-5.** സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

**4-6.** ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവുവന്ന 6401 രൂപയുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ -തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2013/14F | 2(1) | 6401 | ജൂബി ദേവസ്യ, കിംസ് ഹോസ്പിറ്റൽ | 11501106110, 1150110611311501106114, 11501106115, 11501106116 dtd18.03.16 |

**4-7.** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 3-1 | 2004-05 | 2-4 | കളിസ്ഥലം നിർമ്മാണത്തിൽ ക്രമക്കേടുകൾ | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 1999-2000, 2001-02 | 17 | 2004-05 | 2-4 p.42 | കാർഷിക യന്ത്രവർക്കരണം ലക്ഷ്യം നേടിയില്ല. | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2008-09 | 3-8 | 2010-11 | 2-14 | കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് വർക്ക് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2014-15 | 4.1.5 p.26 | 2012-13 | | നിഷ്ക്രിയാസ്തികൾ -വനിതാവ്യവസായ കേന്ദ്രം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2014-15 | 4.1.7 p.33 | 2013-14 | 3-13 | കടിവെള്ള പദ്ധതികൾ | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

**4-8.** ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9574380745 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76072060 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5971381 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | | 6500 | ശ്രീമതി ത്രേസ്യാമ്മ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-2 | 990000 | ജി. വിജയൻ, സെക്രട്ടറി |
| 3-3 | 267750 | ജി. വിജയൻ, സെക്രട്ടറി |
| 3-4 | 30800 | ജി. വിജയൻ, സെക്രട്ടറി |
| 3-5 | 397225 | ജി. വിജയൻ, സെക്രട്ടറി |
| 3-6 | 1642560 | ജി. വിജയൻ, സെക്രട്ടറി |
| 3-7 | 348046 | ശ്രീമതി ത്രേസ്യാമ്മ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-12 | 2295000 | ജി. വിജയൻ, സെക്രട്ടറി |
| ആകെ | 5971381 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗികവിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി ത്രേസ്യാമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | മാഞ്ഞൂർ, പുളിക്കൽകവല പി.ഒ., വാഴൂർ, കോട്ടയം |

**4-10** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 98-99 ചെലവ് | എൽ. എഫ്.കെ.പി.3/382/02/5.2.07 |
| 99-00, 00-01, 01-02 പ്ലാൻ | എൽ. എഫ്.കെ.പി.10/1291/11/16.6.12 |
| 02-03 ചെലവ് | എൽ. എഫ്.കെ.പി.4/65/06/26.12.06 |
| 96-97 വരവ് | എൽ. എഫ്.കെ.പി.4/509/07/26.7.07/1.10.07 |
| 98-99 വരവ് | എൽ. എഫ്.കെ.പി.4/511/07/5.10.09/6.11.09 |

| | |
|---|---|
| 99-00 വരവ് | എൽ. എഫ്.കെ.പി.4/512/07/5.10.09/6.11.09 |
| 00-01 | എൽ. എഫ്.കെ.പി.4/513/07/27.10.07/7.12.07 |
| 01-02 വരവ് | എൽ. എഫ്.കെ.പി.4/149/09/11.8.10/9.9.10 |
| 02-03 വരവ് | എൽ. എഫ്.കെ.പി.4/150/09/6.10.09/6.2.10 |
| 02-03 ചെലവ് | എൽ. എഫ്.കെ.പി.4/65/06/26.12.06 |
| 03-04 വരവുചെലവ് | എൽ. എഫ്.കെ.പി.4/151/09/6.10.09/3.7.10 |
| 04-05 വരവുചെലവ് | എൽ. എഫ്.കെ.പി.4/1075/09/11.3.10/4..8.10 |
| 05-06 വരവുചെലവ് | എൽ. എഫ്.കെ.പി.4/1076/09/11.3.10/4.8.10 |
| 06-07 വരവുചെലവ് | എൽ. എഫ്.കെ.പി.4/1444/09/15.11.10/11.1.11 |
| 07-08 വരവുചെലവ് | എൽ. എഫ്.കെ.പി.10/1291/11/16.6.12 |
| 08-09 വരവുചെലവ് | എൽ. എഫ്.കെ.പി.10/1446/09/16.8.10/11.1.11 |
| 09-10 വരവുചെലവ് | എൽ. എഫ്.കെ.പി.10/310/12/06.09.12/06.10.12 |
| 10-11 വരവുചെലവ് | എൽ. എഫ്.കെ.പി.10/286/13/13.4.13 |
| 11-12 വരവുചെലവ് | എൽ. എഫ്.കെ.പി.10/286/13/13.04.13 |
| 12-13വരവുചെലവ് | എൽ. എഫ്.കെ.പി.10-504/15/ 28.05.15 |
| 13-14വരവുചെലവ് | കെ.എസ്.എ.കെ.റ്റി.എം പി10/ 256/15 16.02.16 |
| 2014-15 വരവുചെലവ് | കെ.എസ്.എ.കെ.ടി.എം പി10/1123/16/4.8.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും അയ്മനം ഗ്രാമപഞ്ചായത്തിന്റെ **2015-16**ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ വിവരിക്കുന്ന അപാകതകൾ ഉള്ളതിനാൽ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് അയ്മനം ഗ്രാമപഞ്ചായത്തിന്റെ **2015-16** വർഷത്തെ വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന അഭിപ്രായം രേഖപ്പെടുത്താൻ കഴിയുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്